പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

23.7.2015 ൽ
മറുപടിക്ക്

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ 482

## മലബാർ സിമെന്റ്സിന്റെ തകർച്ച

ചോദ്യം

ശ്രീ. എ.കെ. ബാലൻ ;
ശ്രീ. എം. ചന്ദ്രൻ ;
ശ്രീ. കെ.വി. വിജയദാസ് ;
ശ്രീമതി. കെ.എസ്. സലീഖ ;

മറുപടി

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

എ) മലബാർ സിമെന്റ്സ് അഴിമതിയും കെടുകാര്യസ്ഥതയും മൂലം വൻ തകർച്ച നേരിടുന്നുവെന്ന അക്ഷേപത്തിന്മേൽ നിലപാട് വ്യക്തമാക്കുമോ ;

എ) മലബാർ സിമന്റ്സ് ലിമിറ്റഡിനു ആവശ്യമായ അസംസ്കൃത വസ്തുക്കളും മറ്റും ഇലക്ട്രോണിക് പ്രൊക്യൂർമെന്റ് സംവിധാനം വഴിയാണ്. എല്ലാ ക്രയവിക്രയങ്ങളും ഇന്റേണൽ ഓഡിറ്റ് ചെയ്യപ്പെടുന്നുണ്ട്. ഇവ ഓഡിറ്റ് സബ് കമ്മിറ്റിയും പരിശോധിക്കുന്നുണ്ട്. കമ്പനി ഡയറക്ടർ ബോർഡിന്റെയും, അക്കൗണ്ടന്റ് ജനറലിന്റെയും, ധനകാര്യ വകുപ്പിന്റെയും പരിശോധനയ്ക്ക് വിധേയമാണ്. കമ്പനിയുടെ മാർക്കറ്റിംഗ് വിഭാഗം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മാർക്കറ്റിംഗ് വിഭാഗം കൂടി ഓഡിറ്റിൽ ഉൾപ്പെടുത്തണമെന്ന് അക്കൗണ്ടന്റ് ജനറലിനോട് പ്രത്യേകം അഭ്യർത്ഥിച്ചിട്ടുമുണ്ട്. മലബാർ സിമന്റ്സ് ലിമിറ്റഡിന്റെ പ്രവർത്തനങ്ങളിൽ ഇപ്പോൾ കൂടുതൽ സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തിയിട്ടുണ്ട്.

ബി) മലബാർ സിമെന്റ്സിൽ ഭീമമായ നഷ്ടം സംഭവിക്കുന്നതായ സി. ആന്റ് എ.ജി. റിപ്പോർട്ട് വിലയിരുത്തിയിട്ടുണ്ടോ ;

ബി) കഴിഞ്ഞ 3 വർഷത്തിനിടയിൽ കംപ് ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ 2014 മാർച്ച് 31 ന് അവസാനിച്ച വർഷത്തേയ്ക്കുള്ള റിപ്പോർട്ടിൽ നീട്ടിവെക്കപ്പെട്ട കേരള മൂല്യവർദ്ധിത നികുതി അടയ്ക്കുന്നതിനുണ്ടായ കാലതാമസം കാരണം ഒഴിവാക്കാനാകുമായിരുന്ന പലിശയിനത്തിൽ 2.84 കോടി രൂപ അടക്കേണ്ടിവന്നുയെന്ന പരാമർശം മാത്രമാണുള്ളത്.

| | |
|---|---|
| സി) ലാഭകരമായിരുന്ന മലബാർ സിമെന്റ്സ് നഷ്ടത്തിലാകാനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ? | സി) മലബാർ സിമന്റ്സ് ലിമിറ്റഡ് 2011-12 ൽ 50.80 കോടി രൂപയും 2012-13 ൽ 48.72 കോടി രൂപയും 2013-14 ൽ 9.35 കോടി രൂപയും 2014-15 ൽ 20.18 കോടി രൂപയും പ്രവർത്തന ലാഭം ഉണ്ടാക്കിയിട്ടുണ്ട്. ഇക്കാലയളവിൽ പ്രതിവർഷം 5 കോടി രൂപയുടെ അധിക ബാധ്യത വരുന്ന service weightage non-managerial ജീവനക്കാർക്ക് അനുവദിച്ചിരുന്നു. 2013-14 ൽ ഇന്ത്യയിൽത്തന്നെ സിമന്റ് വ്യവസായം നേരിട്ട വിലയിടിവ് കാരണം കമ്പനിയുടെ ലാഭവിഹിതത്തിൽ കുറവുണ്ടായിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ഇതുവരെ കമ്പനി 9 കോടി രൂപയോളം ലാഭം നേടിയിട്ടുണ്ട്. ഇത്തവണ കമ്പനിയുടെ ചേർത്തല പ്ലാന്റും പ്രവർത്തനം ആരംഭിച്ചിട്ടുള്ളതിനാൽ ഈ വർഷം റെക്കോർഡ് ലാഭം പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ